GOVERNMENT OF KERALA

**Abstract**

AYUSH Department – Homoeopathy – Establishment – Regularization of Smt.V.B.Padmini, as Part Time Sweeper in Government Homoeo Dispensary, Koleri, Wayanad and final order dtd 27.06.2018 of the Hon'ble Kerala Administrative Tribunal, Thiruvananthapuram in TA No. 3606 / 2012 (WP(C)No.19702/2005 of Hon'ble High Court of Kerala) and Judgment dtd 01.02.2021 of the Hon'ble High Court of Kerala in OP(KAT)510/2019-Complied with – Orders issued.

**AYUSH (B) DEPARTMENT**

GO(Ms) No.8/2022/AYUSH Dated, Thiruvananthapuram, 26-02-2022

Read:
1) GO(P) No.501/2005/Fin dtd 25.11.2005.
2) GO(P) No.61/2010 /Fin dtd 09.02.2010.
3) Final Order dtd 27.06.2018 of the Hon'ble Kerala Administrative Tribunal, Thiruvananthapuram in TA No. 3606 /2012 (WP(C)No.19702/2005 of Hon'ble High Court of Kerala).
4) Letter No.7607/EB1/2018/DH dtd 28.09.2018, 26.10.2018, 21.06.2021, 18.12.2021, 10.02.2022 of the Director of Homoeopathy, Thiruvananthapuram.
5) Judgement dtd 01.02.2021 of the Hon'ble High Court of Kerala in OP(KAT) 510/2019.

**ORDER**

Smt.V.B.Padmini, who is working as Casual Sweeper in Government Homoeo Dispensary, Koleri, Wayanad had filed TA No. 3606 /2012 (WP(C)No.19702/2005 of Hon'ble High Court of Kerala) before the Hon'ble Kerala Administrative Tribunal, Thiruvananthapuram for regularising her as Part Time Sweeper in the said dispensary.

2) In the final order dtd 27.06.2018 in TA No. 3606 /2012 (WP(C)No.19702/2005 of Hon'ble High Court of Kerala) filed by Smt.V.B.Padmini, the Hon'ble Kerala Administrative Tribunal had ordered that the applicant is entitled to be regularised in service in terms of GO(P)No.501/2005/Fin. dated 25.11.2005 and G.O.(P)No.61/2010/Fin. dated 09.02.2010. The Government shall issue necessary orders regularising the service of the applicant in terms of the above said orders within a period of three months from the date of receipt of copy of the order.

3) As the direction of the Court was against the conditions stipulated in Government Order read as 1st paper above, Government filed an appeal petition as OP(KAT) 510/2019 before the Hon'ble High Court of Kerala against the order dtd 27.06.2018 in TA No. 3606 /2012 (WP(C)No.19702/2005 of Hon'ble High Court of Kerala) of Hon'ble Kerala Administrative Tribunal. In the judgement dtd 01.02.2021 in OP(KAT) 510/2019 read as 5th paper above, the Hon'ble High Court dismissed the same.

4) Government have examined the matter in detail and are pleased to regularise Smt.V.B.Padmini, who worked as Casual Sweeper in the Government Homoeo Dispensary, Koleri, Wayanad as Part Time Sweeper with effect from 02.07.2002, in terms of GO(P)No.501/2005/Fin dated 25.11.2005 and G.O.(P)No.61/2010/Fin. dated 09.02.2010, by creating a supernumerary post in the said dispensary

5) The final order dtd 27.06.2018 of the Hon'ble Kerala Administrative Tribunal, Thiruvananthapuram in TA No. 3606 /2012 (WP(C)No.19702/2005 of Hon'ble High Court of Kerala) and judgment dtd 01.02.2021. of the Hon'ble High Court of Kerala in OP(KAT) 510/2019 have been duly complied with accordingly.

(By order of the Governor)

RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY

To

The Advocate General, O/o. the Advocate General, Ernakulam/
Thiruvananthapuram. (with Covering Letter).
The Director of Homoeopathy, Thiruvananthapuram.
The person concerned (through the Director of Homoeopathy)
The District Medical Officer (Homoeo), Wayanad.
The Principal Accountant General (Audit/ A&E) Kerala, Thiruvananthapuram.
The General Administration (SC) Department (vide Item No. 571 dtd
23.02.2022)
The Finance Department (985968/EXP-C2/98/2018-FIN dtd
11/08/2021.)
Stock File// Office Copy.

Forwarded/By Order.

Section Officer.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 23-02-2022

ഫയൽ നം. ബി3/368/2018/ആയുഷ്. ഇനം നം: 571

വിഷയം : ആയുഷ് വകുപ്പ് - വയനാട് കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി. വി. ബി. പത്മിനി-യെ 02.07.2002 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

തീരുമാനം : പാർട്ട്-ടൈം-സ്വീപ്പറുടെ ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ശ്രീമതി. വി. ബി. പത്മിനിയെ സ്ഥിരപ്പെടുത്താമെന്ന ഭേദഗതിയോടു കൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

Pl. issue orders
Rajan 24.2.2022

Dy Secretary AYUSH

SO(B) 24.2.22

571

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി3/368/2018/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (ബി) വകുപ്പ് |
| 3. വിഷയം | വയനാട് കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.വി.ബി.പത്മിനി-യെ 02.07.2002 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25.01.2022. |
| 5.i)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. ഹരികുമാർ എ.എസ്. |
| 8. കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ ഖോബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 14.02.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി.പി. ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.02.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15.02.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.02.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.വി.ബി.പത്മിനിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പറായ ശ്രീമതി.വി.ബി.പത്മിനി ഫയൽ ചെയ്ത TA 3606/2012 (WP(C) 19702/2005 of Hon'ble High Court)-മേലുള്ള 27.06.2018 ഉത്തരവിൽ, ധനകാര്യ വകുപ്പിന്റെ 25.11.2005- ലെ സ.ഉ.(അച്ചടി) നം.501/2005/ധന, 09.02.2010 - ലെ സ.ഉ.(അച്ചടി) നം.61/2010 /ധന എന്നിവ പ്രകാരം പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമീകരണം ലഭിക്കുന്നതിന് ശ്രീമതി.വി.ബി.പത്മിനി-ക്ക് അർഹതയുണ്ടെന്നും ടിയാളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവ് ലഭിച്ച് മൂന്ന് മാസത്തിനകം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഉത്തരവായിരുന്നു.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സഹിതം ധനകാര്യ വകുപ്പിൽ അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"25/11/2005 തിയ്യതിയിലെ സ.ഉ(പി)നം.501/2005/ധന ഉത്തരവ് അനുസരിച്ച് ഉത്തരവ് തിയ്യതിയിൽ 100 ച . മീ മുകളിൽ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ അതേ തിയ്യതിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ തുടർച്ചയായി ജോലി നോക്കി വരുന്ന വ്യക്തികളാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത്. കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ സ്വിപ്പിംഗ് ഏരിയ ഇക്കാലയളവിൽ 100 ച.മീ താഴെ ആയതിനാൽ ശ്രീമതി.വി.ബി.പത്മിനിയെ 25/11/2005 തിയ്യതിയിലെ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല എന്നും TA 3606/2012 നമ്പർ കേസിലെ 27.06.2018-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു."

4) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് ശ്രീമതി.വി.ബി.പത്മിനി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത TA 3606/2012 മേലുള്ള 27.06.2018-ലെ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ സർക്കാർ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിരുന്നു. അതേ അവസരത്തിൽ ശ്രീമതി.വി.ബി.പത്മിനി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യുകയുണ്ടായി. സർക്കാർ ബഹു. ഹൈക്കോടതിയിൽ OP(KAT) No.510/2019 ഫയൽ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത അപ്പീൽ 01.02.2021-ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി തള്ളുകയുണ്ടായി.

5) ബഹു. ഹൈക്കോടതി അപ്പീൽ തള്ളിയതിനാൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27.06.2018-ലെ ഉത്തരവ് നടപ്പിലാക്കേണ്ടതായുള്ളതിനാൽ ടിയാളെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനവകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"31/12/1986-ലെ G.O (Ms) No.242/86/H&FWD പ്രകാരം 1987 ഫെബ്രുവരി അവസാനം വരെ താൽക്കാലിക അടിസ്ഥാനത്തിൽ പി.ടി എസ് ഉൾപ്പെടെയുള്ള തസ്തിക സൃഷ്ടിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നതിനാലും 10/08/1987 -ലെ G.O(Rt)No.458/87/H&FWD ഉത്തരവ് പ്രകാരം ടി തസ്തികകൾ ഒരു വർഷത്തേക്കു കൂടി തുടരുന്നതിന് മാത്രമേ അനുമതി നൽകിയിരുന്നുള്ളൂ എന്നതിനാലും 25/11/2005 തിയ്യതിയിലെ കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയുടെ സ്വിപ്പിംഗ് ഏരിയ 100 ച.മീ കുറവായതിനാലും ശ്രീമതി.വി.ബി.പത്മിനിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് നിലവിലെ ഉത്തരവുകൾക്ക് വിരുദ്ധമായതിനാൽ ടിയാരിയെ സ്ഥിരപ്പെടുത്തുന്നതിനോട് ധനകാര്യ വകുപ്പിന് യോജിക്കാൻ കഴിയില്ലെന്നും നിയമവകുപ്പിന്റേയും ഗവ. പ്ലീഡറിന്റേയും അഭിപ്രായം ആരാഞ്ഞശേഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ഭരണവകുപ്പിന് നിർദ്ദേശം നൽകുന്നു. സർക്കാർ വകുപ്പുകളിൽ ഏതെങ്കിലും സാഹചര്യത്തിൽ സർക്കാരിന്റെ അംഗീകാരത്തോടെ നിയമ പ്രകാരം കാഷ്വൽ / താൽക്കാലിക സ്വീപ്പർമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ ടി സ്ഥിരപ്പെടുത്തലിന് ഉത്തരവ് തീയതി മുതൽ മാത്രം പ്രാബല്യം നൽകേണ്ടതാണെന്നുള്ള 10.04.2018 ലെ സ.ഉ(പി) 58/2018/ ധന - ഉത്തരവിലേക്കു കൂടി ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു."

6) ധനവകുപ്പിന്റെ അഭിപ്രായ പ്രകാരം നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

*"T.A. No. 3606/2012-ാം നമ്പർ കേസിലെ അപേക്ഷക ജോലി ചെയ്തിരുന്ന ഡിസ്പെൻസറിയുടെ സ്വീപ്പിംഗ് ഏരിയ 90 sq.mts ആയിരുന്നുവെന്നും കൂടാതെ*

ടിയാൾ ജോലി ചെയ്തിരുന്ന അംഗീകൃത സ്വീപ്പർ തസ്തികയിൽ തുടരുവാൻ ടിയാൾക്ക് അർഹതയുണ്ടായിരുന്നില്ലായെന്നും ടി തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന് മാത്രമേ സാധുതയുള്ളൂവെന്നും സർക്കാർ വാദമുന്നയിച്ചിരുന്നു. എന്നാൽ സർക്കാർ ഓഫീസുകളിലെ സ്വീപ്പർമാരെ റഗുലറൈസ് ചെയ്യുന്നതിനായുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 09/02/2010-ൽ പുറപ്പെടുവിച്ച G.O.(P)No.61/2010/Fin. ഉത്തരവിലെ ഖണ്ഡിക 3(iv)- ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ വാദം ബഹു. ഹൈക്കോടതി നിരാകരിക്കുകയാണുണ്ടായത്. 31/12/1986- ലെ GO(Ms)No.242/86/H&FWD പ്രകാരം 1987 ഫെബ്രുവരി അവസാനം വരെ താൽക്കാലിക അടിസ്ഥാനത്തിൽ പി.ടി.എസ്. ഉൾപ്പെടെയുള്ള തസ്തിക സൃഷ്ടിക്കുന്നതിനാണ് അനുമതി നൽകിയിരുന്നതെന്നും 10/08/1987- ലെ GO(Rt)No.458/87/H&FWD ഉത്തരവ് പ്രകാരം ടി തസ്തികകൾ ഒരു വർഷത്തേക്കു കൂടി തുടരുന്നതിന് മാത്രമേ അനുമതി നൽകിയിരുന്നുള്ളൂവെന്നും ധനവകുപ്പ് Note#51 പ്രകാരം നൽകിയ അഭിപ്രായത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ മേൽ വസ്തുതതൾ T.A. No. 3606/2012 കേസിൽ ബഹു. ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിക്കുകയോ, മേൽ ഉത്തരവുകൾ Exhibits ആയി ഹാജരാക്കുകയോ ചെയ്തതായി കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ ടി കേസിലെ ട്രൈബ്യൂണൽ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത O.P. (KAT) No. 510/2019 പെറ്റീഷൻ ഡിസ്മിസ് ചെയ്തുകൊണ്ട് 01/02/2021 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീൽ സാധ്യത വിരളമാണെന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

7) അപ്പീലിന് വിജയസാദ്ധ്യത വിരളമാണെന്ന നിയമ വകുപ്പിന്റെ അഭിപ്രായം ലഭിച്ച ശേഷം അഡ്വക്കേറ്റ് ജനറലിനോട് മേൽ വിഷയത്തിൽ നിയമോപദേശവും തേടുകയുണ്ടായി. ശ്രീമതി.വി.ബി.പത്മിനി ഫയൽ ചെയ്ത CP143/2019 നം കേസ് പരിഗണിച്ച സാഹചര്യത്തിൽ TA No. 3606/2012 (WP(C)No.19702/2005)-ാം നമ്പർ കേസിന്മേലുള്ള 27.06.2018 -ലെ ബഹു.കോടതി വിധി നടപ്പാക്കി ഉത്തരവ് സമർപ്പിക്കുന്നതിന് മൂന്ന് ആഴ്ച സമയം അനുവദിച്ചതായി 10/01/2022 ലെ കത്ത് പ്രകാരം അറിയിച്ചു. ശ്രീ വി.ബി. പത്മിനി ജോലിയിൽ പ്രവേശിച്ച തീയതിയായ 02.07.2002 പ്രാബല്യത്തിൽ ടിയാളെ സ്ഥിരപ്പെടുത്താവുന്നതാണെന്ന് 10.02.2022 തീയതിയിലെ 7606/EB1/2018/DH നമ്പർ കത്ത് പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

8) ശ്രീമതി.വി.ബി.പത്മിനി ഫയൽ ചെയ്ത TA No.3606/2012 (WP(C)No.19702/2005)-ാം നമ്പർ കേസിന്മേലുള്ള OP(KAT)No.510/2019 പെറ്റീഷൻ തള്ളിക്കൊണ്ട് 01.02.2021 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച അന്തിമ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീൽ സാദ്ധ്യത വിരളമാണെന്ന നിയമ

വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലും ബഹു.കോടതി ഉത്തരവിന്റെ വെളിച്ചത്തിലും കോളേരി സർക്കാർ ഹോമിയോ ഡിസ്പൻസറിയിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.വി.ബി.പത്മിനിയെ ധനകാര്യ വകുപ്പിന്റെ 25.11.2005- ലെ സ.ഉ.(അച്ചടി)നം.501/2005/ധന, 09.02.2010- ലെ സ.ഉ(അച്ചടി)നം. 61/2010/ധന എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ TA No. 3606/2012 (WP(C)No.19702/2005)-ാം നമ്പർ കേസിന്മേലുള്ള 27.06.2018 -ലെ ഉത്തരവ് നടപ്പിലാക്കികൊണ്ട് 25.11.2005- ലെ സ.ഉ.(അച്ചടി)നം.501/2005/ധന, 09.02.2010- ലെ സ.ഉ.(അച്ചടി)നം.61/2010/ധന എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വയനാട് കോളേരി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ കാഷ്വൽ സ്വീപ്പർ ശ്രീമതി.വി.ബി.പത്മിനി-യെ 02/07/2002 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തി ഉത്തരവാകാമോ?